**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 701 — 20.3.2013-ൽ മറുപടിയ്ക്ക്

**<u>മരുന്നുകളുടെ ദുരുപയോഗം</u>**

<u>ചോദ്യം</u> — <u>മറുപടി</u>

ശ്രീ. കെ. രാജു

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ലഹരിക്കും മറ്റുമായി ചില മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) സംസ്ഥാനത്ത് ചില മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതായുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദുരുപയോഗം ചെയ്യുന്നത് കൂടുതലും സ്കൂൾ കുട്ടികളാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി)ഇതിൽ കൂടുതലും സ്കൂൾ കുട്ടികളാണ് എന്ന വസ്തുത ഗൗരവമായി സർക്കാർ പരിഗണിക്കുന്നുണ്ടോ; | |
| (സി)ഏതൊക്കെ വിഭാഗത്തിൽ ഉൾപ്പെട്ട മരുന്നുകളാണ് ഇപ്രകാരം ദുരുപയോഗം ചെയ്യപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) കോഡീൻ ഫോസ്ഫേറ്റ് (Codeine Phosphate) അടങ്ങിയ ചുമ മരുന്നുകളായ Corex, Mitslinctus Codeine, Phensedyl എന്നീ മരുന്നുകൾ Codeine എന്ന നാർക്കോട്ടിക് മരുന്നിന്റെ ലഹരിക്കുവേ ണ്ടി ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. വേദനാ സംഹാരിയായ Dextropropoxyphene അടങ്ങിയ മരുന്നുകൾ, ശസ്ത്രക്രിയക്ക്ശേഷം വേദനാ സംഹാരിയായി ഉപയോഗിക്കുന്ന Buprenorphine, Pentazocine എന്നീ മരുന്നുകളും ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടുവരുന്നു |
| (ഡി)ഇവയുടെ വിൽപ്പനയ്ക്ക് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി)മേൽ വിവരിച്ച മരുന്നുകളുടെ വാങ്ങലും, വില്പനയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ദുരുപയോഗം ചെയ്തു എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ Suspension/ Cancellation മുതലായ വകുപ്പുതല നടപടികളും, കൂടാതെ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. മരുന്നു വില്പനശാലകളിൽ ടി മരുന്നുകളുടെ വില്പന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ